

# മരങ്ങളുടെ ഇഷ്ടതോഴൻ ഇട്ടാപ്പി

ലക്ഷ്മീദേവി

പൊള്ളുന്ന എരിവെയിലിൽ തണൽവൃക്ഷങ്ങളുടെ ചുവട്ടുപറ്റി വിയർക്കുന്ന ശരീരത്തിന് കുളിർ ലഭിക്കാൻ ആരാണിഷ്ടപ്പെടാത്തത്? എന്നാൽ തണൽവൃക്ഷങ്ങളോടെന്തേ നമുക്കിത്ര വിമുഖത? സ്വന്തം വീട്ടിലും പറമ്പിലും തണലേകുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുമ്പോഴും നാമെന്തേ പാതയോരങ്ങളെ കയ്യൊഴിയുന്നത്?

എന്നാൽ കോട്ടയത്തെ പാതയോരങ്ങളിൽ തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ജനസഹസ്രങ്ങൾക്ക് തണലേകിയ ഒരു വ്യക്തിയിതാ. കാവനാട് ശ്രീധരൻ. ഇട്ടാപ്പി എന്നാണദ്ദേഹത്തെ നാട്ടുകാർ കൗതുകത്തോടെ വിളിക്കുന്നത്. മരങ്ങൾ കടപുഴകിവീഴുമ്പോഴും തഴച്ചുവളരുമ്പോഴും അതിന്റെ പിന്നിലുള്ള അധ്വാനിക്കുന്ന കരങ്ങളെ പൊതുജനം ഓർക്കാറില്ല. കോട്ടയത്തെ ശാസ്ത്രിറോഡിലും കോടിമതയിലും പാതയോരങ്ങളിൽ അഞ്ഞൂറിലധികം തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച ഈ 65 കാരന്റെ ജീവിതത്തിലേക്കൊന്നെത്തിനോക്കാം.

ഏതാണ്ട് നാല്പതിലധികം വർഷങ്ങൾക്കുമുമ്പാണ് ഇട്ടാപ്പി ഈ ഉദ്യമത്തിന് തുനിഞ്ഞത്. അന്നദ്ദേഹത്തിന് 18 വയസ്സ്. നല്ല ഊർജ്ജസ്വലതയും ചുറുചുറുക്കും. കേരളത്തിലെ പ്രഥമ ശിശുരോഗവിദഗ്ധരിൽ ഒരാളായിരുന്ന ഡോ. പാപ്പച്ചൻ എന്നറിയപ്പെടുന്ന ജേക്കബ്ബ് അയ്യനം ഗ്രാമത്തിലെ നല്ലൊരു വൃക്ഷപ്രേമിയായിരുന്നു. പച്ചപ്പ് നിറഞ്ഞ ഈ ഗ്രാമത്തിലെ ഏക്കറുകളോളം വരുന്ന സ്ഥലത്ത് ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കാൻ [illegible] ഇട്ടാപ്പിക്ക് വിനോദമായത് ഇദ്ദേഹത്തിന്റെ പ്രേരണകൊണ്ടുകൂടിയാണ്. അദ്ദേഹത്തിന്റെ ഭാര്യയായ ഡോക്ടർ റേയ്ചൽ ജേക്കബ്ബിനാവട്ടെ മരങ്ങളോടേറെ കമ്പവും. 92 വയസ്സുള്ള ഇവർക്ക് രോഗശയ്യയിൽ കിടക്കുമ്പോഴും ഓർക്കാനുള്ളത് വൃക്ഷത്തെക്കുറിച്ച്.

മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള സാഹചര്യത്തെക്കുറിച്ച് ഇട്ടാപ്പി തന്നെ പറയുന്നു: എനിക്കന്ന് വയസ്സ് 14. ഡോക്ടറുടെ വീട്ടിലെ ചെടികളുടെ പരിചരണത്തിനായാണ് ഞാനിവിടെ നിയോഗിക്കപ്പെട്ടത്. കുറെക്കാലം കഴിഞ്ഞപ്പോൾ നഗരവീഥികളിൽ ചെടികളും മരങ്ങളും നട്ടുപിടിപ്പിച്ചാൽ നന്നായിരിക്കുമെന്ന് ഡോക്ടർ എന്നോടുപറഞ്ഞു. യഥാസമയം വെള്ളമൊഴിക്കുന്ന ജോലിയും ഇരുകാലികളിൽ നിന്നും സംരക്ഷിക്കുന്ന ജോലിയും നിഷ്ഠയോടെ ഞാൻ പാലിച്ചു. എല്ലാ വൈകുന്നേരങ്ങളിലും അഞ്ചരമണിയോടെ ഞാൻ മരത്തിന്റെ കീഴിലെത്തും. ഏഴര വരെ പരിപാലനമാണ്. വൃക്ഷത്തൈകളെല്ലാം കുടയംപടിയിലുള്ള സ്വന്തം വീട്ടിൽനിന്ന് ഡോക്ടറുടെ ഭാര്യയും ശേഖരിച്ചുതരും. ചിലത് തിരുവനന്തപുരത്തുനിന്നു കൊണ്ടുവരും. ഓരോസമയത്തും രണ്ടെണ്ണം വീതം വെച്ചുപിടിപ്പിക്കും. ഒന്നുപോയാലും ഒന്നു നിലനിൽക്കും എന്ന ഉറപ്പോടെ. നീണ്ട കാലയളവിൽ വൃക്ഷത്തെ സേവിച്ചതിന് ഈ സുകൃതിയെ തേടി അവാർഡ് എത്തിയത് അടുത്തകാലത്താണ്. ആദ്യകാല പരിസ്ഥിതിപ്രവർത്തകനായ പി.വി. തമ്പിയുടെ സ്മരണയ്ക്കായി എൻവയോൺമെന്റ് മോണിറ്ററിഫോറം പരിസ്ഥിതിപ്രവർത്തകർക്കായി ഏർപ്പെടുത്തിയ അവാർഡായിരുന്നു അത്.

കോട്ടയം നഗരത്തിലെ ശാസ്ത്രീറോഡരികിലുള്ള തണൽമരങ്ങൾ അധികൃതർ വെട്ടിമാറ്റിയപ്പോഴാണ് അതു നട്ട ആളുടെ ഉള്ളുരുകിയത്. അപ്പോഴാണ് ഇതിന് പുറകിലുള്ള കരങ്ങളെക്കുറിച്ച് ജനങ്ങൾ ഉദ്ബുദ്ധരായത്.

ഇന്ന് ഇട്ടാപ്പി ഒരു രോഗിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ചികിത്സയ്ക്കുവേണ്ട ഭാരിച്ച ചിലവ്. ഒപ്പം അഞ്ചുപെൺമക്കൾ. ഈ നിസ്സഹായാവസ്ഥയിൽ ഇട്ടാപ്പിക്ക് സഹായഹസ്തമായത് കോട്ടയം നഗരം തന്നെ. തണലിന്റെ തരുവിന് ഒരു രൂപ എന്ന പേരിൽ സഹായനിധി രൂപീകരിച്ചപ്പോൾ മനുഷ്യസ്നേഹികൾ സമാഹരിച്ച 69,912 രൂപ അദ്ദേഹത്തിനു ലഭിച്ചു. ഇട്ടാപ്പി നട്ട മരത്തണലിൽ വെച്ചുതന്നെ ഡോക്ടർ റേയ്ചൽ ജേക്കബ്ബ് അദ്ദേഹത്തിന് തുക നൽകി.

തണലേകുന്ന തരുക്കൾ നട്ടുപിടിപ്പിച്ചതിന്റെ പേരിൽ നൽകിയ ഉപഹാരം ഏറ്റുവാങ്ങുമ്പോഴും ഇട്ടാപ്പിയുടെ കണ്ഠമിടറി. 'അന്ന് ഞാനിതൊന്നും പ്രതീക്ഷിച്ചില്ല.' രോഗം നൽകിയ വിഷമങ്ങൾ കടിച്ചമർത്തിക്കൊണ്ടദ്ദേഹം പറഞ്ഞു: ഇതു തണലിന്റെ പ്രതിഫലമോ? മനുഷ്യസ്നേഹികളുടെ കൂട്ടായ്മയോ?